പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3269 — 13-03-2017-ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.പ്രദീപ്കുമാർ**<br>**ശ്രീ. എ.എൻ.ഷംസീർ**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. കെ.ബാബു** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ കേന്ദ്രവിഹിതം അനുവദിക്കാത്തതുമൂലം പദ്ധതി നിർവ്വഹണം സംസ്ഥാനത്ത് ദുർബലമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | നിലവിൽ എത്ര രൂപയാണ് ഇപ്രകാരം കുടിശ്ശികയായിട്ടുള്ളത്; | (ബി) | 55948.89 ലക്ഷം രൂപ |
| (സി) | പൂർത്തിയാക്കിയ പണികൾക്ക് യഥാസമയം കൂലി ലഭിക്കാത്തത് ഗ്രാമീണ മേഖലയിലെ സാധാരണക്കാരുടെ ജീവിതം പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പാക്കുന്ന പ്രവൃത്തികൾ കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയത് തൊഴിൽ ദിനങ്ങൾ കുറയാൻ കാരണമായിട്ടുണ്ടോ; | (ഡി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ലെ പട്ടിക 1 കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ എസ്.ഒ.19(ഇ) നമ്പർ വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു 2016-17 സാമ്പത്തിക വർഷം 10.03.2017 വരെ 598.29 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 99.2 %ആണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം 10.03.2016 ൽ 656.77 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇത് കേന്ദ്ര സർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 92.11 %ആണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ,കയർ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, കൈത്തറി, ഖാദി എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ,ക്ഷീരോത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തി ഇനങ്ങളായി ഉൾപ്പെടുത്തുവാൻ നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു എങ്കിലും അനുകൂലമായ തീരുമാനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല |

സെക്ഷൻ ഓഫീസർ